**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

DLLE - ഡിപ്പാർട്ട്മെന്റ് ഓഫ് ലൈഫ് ലോംഗ് ലേണിംഗ് ആൻഡ് എക്സ്റ്റൻഷൻ - ഡിപ്ലോമ ഇൻ ഓർഗാനിക് ഫാമിംഗ് കോഴ്സിന്റെ പ്രവേശന യോഗ്യത - അക്കാദമിക് കൗൺസിൽ യോഗ തീരുമാനം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 5 സെക്ഷൻ**

നമ്പർ. 1472/AC A 5/2019/എം.ജി.യു — പ്രിയദർശിനി ഹിൽസ്,തീയതി: 05.04.2019

---

പരാമർശം:-1. ഡിപ്പാർട്ടമെന്റ് ഓഫ് ലൈഫ് ലോംഗ് ലേണിംഗ് ആൻഡ് എക്സ്റ്റൻഷനിൽ നടത്തുന്ന ഡിപ്ലോമ ഇൻ ഓർഗാനിക് ഫാമിംഗ് കോഴ്സിന്റെ പ്രവേശന യോഗ്യതയിൽ ഇളവ് വരുത്തണമെന്നാവശ്യപ്പെട്ട് വകുപ്പ് മേധാവി(ഇൻ ചാർജ് ) സമർപ്പിച്ച കത്ത് , തിയതി 01/10/2018

2. 16.02.2019 ന്ന കൂടിയ അക്കാദമിക് കൗൺസിൽ യോഗത്തിന്റെ മിനിറ്റ്സ് ഇനം നം . 55/Ac.19/185318

3. 18.03.2019 ന്ന കൂടിയ സിൻഡിക്കേറ്റ് യോഗം മിനിറ്റ്സ് ഇനം നം . 01/19.02/190182

**<u>ഉത്തരവ്</u>**

മഹാത്മാഗാന്ധി സർവകലാശാലയുടെ പഠനവകുപ്പായ ഡിപ്പാർട്ടമെന്റ് ഓഫ് ലൈഫ് ലോംഗ് ലേണിംഗ് ആൻഡ് എക്സ്റ്റൻഷനിൽ(DLLE) നടത്തുന്ന ഡിപ്ലോമ ഇൻ ഓർഗാനിക് ഫാമിംഗ് കോഴ്സിന്റെ പ്രവേശന യോഗ്യതയിൽ ഇളവ് വരുത്തണമെന്നാവശ്യപ്പെട്ട് പരാമർശം (1 ) പ്രകാരം കത്ത് സമർപ്പിച്ചിരുന്നു. നിലവിൽ പ്രസ്തുത കോഴ്സിന്റെ പ്രവേശന യോഗ്യത പ്ലസ്ടു വിജയമാണ് . എന്നാൽ DLLE യിൽ നടത്തുന്ന ഓർഗാനിക് ഫാമിംഗ് സർട്ടിഫിക്കറ്റ് കോഴ്സ് വിജയിക്കുന്നവർക്കു കൂടി തുടർപഠനം നടത്താൻ സാധിക്കുന്ന വിധത്തിൽ ഡിപ്ലോമ ഇൻ ഓർഗാനിക് ഫാമിംഗ് കോഴ്സിന്റെ പ്രവേശന യോഗ്യതയിൽ ഇളവ് വരുത്തണമെന്ന് കത്തിൽ അഭ്യർഥിച്ചിരുന്നു. പ്രസ്തുത വിഷയം വൈസ് ചാൻസലറുടെ ചുമതല വഹിക്കുന്ന പ്രൊഫസ്സറുടെ ഉത്തരവിൻ പ്രകാരം അക്കാദമിക് കൗൺസിലിന്റെ പരിഗണനക്ക് സമർപ്പിച്ചു .

16.02.2019 ന്ന കൂടിയ അക്കാദമിക് കൗൺസിൽ യോഗം പരാമർശം (2 ) പ്രകാരം ഡിപ്ലോമ ഇൻ ഓർഗാനിക് ഫാമിംഗ് കോഴ്സിന്റെ പ്രവേശന യോഗ്യതയായി പത്താം ക്ലാസ്സും, ഡിപ്പാർട്മെന്റ് ഓഫ് ലൈഫ് ലോംഗ് ലേണിംഗ് & എക്സ്റ്റൻഷനിൽ നടത്തുന്ന ഓർഗാനിക് ഫാമിംഗ് സർട്ടിഫിക്കറ്റ് കോഴ്സ് പാസായിരിക്കണം എന്നും ആക്കി മാറ്റുന്നതിനും തീരുമാനിച്ചു. പ്രസ്തുത നടപടി പരാമർശം (3 ) പ്രകാരം സിൻഡിക്കേറ്റ് യോഗത്തിൽ സമർപ്പിച്ചു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ദിലീപ് കുമാർ ആർ

Draft #1 of File AcAV/3/DLLE/OF/2019 Approved by ASSISTANT REGISTRAR III ACADEMIC on 05-Apr-2019 12:45 PM - Page 1

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

അസിസ്റ്റന്റ് രജിസ്ട്രാർ 3 (അക്കാദമിക്)

രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. വകുപ്പമേധാവി , DLLE
2. വൈസ് ചാൻസലറുടെ പി എസ്
3. രജിസ്ട്രാർ /പരീക്ഷ കൺട്രോളർ -എന്നിവരുടെ പി എ
4. JR II(Admin)/DR II(Acad)/ARIII(Acad)
5. IQAC/Content Management /AcC/CSS sections
6. സ്റ്റോക്ക് ഫയൽ /ഫയൽ പകർപ്പ്

Draft #1 of File AcAV/3/DLLE/OF/2019 Approved by ASSISTANT REGISTRAR III ACADEMIC on 05-Apr-2019 12:45 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം